സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 271 2025 ഫെബ്രുവരി 23 ഞായർ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഉറങ്ങിക്കിടന്നയാളെ കഴുത്തിൽ കയർ കുരുക്കി കൊലപ്പെടുത്തി

ചെങ്ങന്നൂർ: ഉറങ്ങിക്കിടന്ന ജ്യേഷ്ഠനെ കഴുത്തിൽ കയർ കുരുക്കി അനുജൻ കൊലപ്പെടുത്തി.ചെങ്ങന്നൂർ നഗരസഭ 21-ാം വാർഡിൽ തിട്ടമേൽ അരമന മാർത്തോമാപള്ളിക്കു സമീപം ചക്രപാണിയിൽ പ്രസന്നൻ (47) ആണ് മരിച്ചത്. സംഭവുമായി ബന്ധപ്പെട്ട് സഹോദരൻ പ്രസാദ് (45)നെ കസ്റ്റഡിലെടുത്തതായി ചെങ്ങന്നൂർ പോലീസ് അറിയിച്ചു. ഇന്ന് പുലർച്ചെയാണ് സംഭവം നടന്നത്. കുടുംബകലഹമാണ് കാരണമെന്നാണ് പോലീസ് പറയുന്നത്. രാവിലെ പ്രസന്നൻ മരിച്ചു കിടക്കുന്നതു കണ്ട വീട്ടുകാർ വാർഡ് കൗൺസിലറെ വിവരം അറിയിക്കുകയായിരുന്നു. കൗൺസിലറാണ് പോലീസിൽ സംഭവമറിയിച്ചത്. മരിച്ച പ്രസന്നൻ അവിവാഹിതനാണ്. ജ്യേഷ്ഠനും അനുജനും തമ്മിൽ വഴക്ക് പതിവായിരുന്നുവെന്നാണ് പ്രദേശവാസികൾ പറയുന്നത്.

'തരൂരിനെ പാർട്ടിക്ക് ആവശ്യമുള്ളത് കൊണ്ടാണല്ലോ 4 തവണ എം പി യാക്കിയതും കേന്ദ്രമന്ത്രിയാക്കിയതുമെല്ലാം': ചെന്നിത്തല

തിരു: രാഹുൽ ഗാന്ധിയെ കാണുന്നതിന് മുൻപാണ് ശശി തരൂർ ഇപ്പോൾ പുറത്തുവന്ന അഭിമുഖം കൊടുത്തതെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. അതുകൊണ്ടുതന്നെ ഈ വിവാദത്തിൽ പ്രതികരിക്കാൻ തനിക്ക് താത്പര്യമില്ലെന്നും അദ്ദേഹം പറഞ്ഞു. പാർട്ടിക്ക് തന്നെ വേണ്ടെങ്കിൽ തനിക്ക് മുന്നിൽ മറ്റുവഴികളുണ്ടെന്ന ശശി തരൂരിന്റെ അഭിമുഖത്തേക്കുറിച്ചുള്ള ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. അതേസമയം തരൂർ പാർട്ടിയിൽ വഹിച്ചിരുന്ന സ്ഥാനങ്ങൾ ചെന്നിത്തല ഓർപ്പിക്കുകയും ചെയ്തു.

താൻ കെ.പി.സി.സി പ്രസിഡന്റായിരുന്ന സമയത്ത് ശശി തരൂർ യു.എന്നിൽനിന്ന് വിട്ടുവന്ന സന്ദർഭത്തിൽ അദ്ദേഹത്തോട് പാർട്ടിയിൽ ചേരണമെന്ന് പറഞ്ഞത് ശരിയാണെന്ന് ചെന്നിത്തല പറഞ്ഞു. പാലക്കാട് നിൽക്കണമെന്ന് താനന്ന് നിർദേശിച്ചത് സത്യമാണ്. ശശി തരൂർ പറഞ്ഞ ഇക്കാര്യം നൂറുശതമാനം ശരിയാണ്. അദ്ദേഹത്തെപ്പോലൊരാൾ പാർട്ടിയിലേക്ക് വരുന്നത് നല്ലതാണെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് അന്ന് തരൂരിനെ ക്ഷണിച്ചതെന്നും ചെന്നിത്തല പറഞ്ഞു.

'പാർട്ടി അംഗമല്ലാതിരുന്നിട്ടും തരൂരിനെ എറണാകുളത്ത് നടന്ന കെ.പി.സി.സി സമ്പൂർണ സമ്മേളനത്തിലേക്ക് കെ. പി.സി.സി പ്രസിഡന്റായിരുന്ന താൻ ക്ഷണിച്ചു. സോണിയാ ഗാന്ധിയും ഉണ്ടായിരുന്ന വേദിയിൽ അദ്ദേഹത്തെ ഇരുത്തി. അങ്ങനെയാണ് ശശി തരൂർ കോൺഗ്രസിലേക്ക് വന്നതെന്നും രമേശ് ചെന്നിത്തല പറഞ്ഞു. ഈ പാർട്ടിയിൽത്തന്നെ നിൽക്കേണ്ടതിലെ അനിവാര്യതകൊണ്ടാണല്ലോ അദ്ദേഹത്തെ നാലുതവണ കോൺഗ്രസ് എം.പിയാക്കിയതും കേന്ദ്രമന്ത്രിയാക്കിയതും പത്തുവർഷമായി കോൺഗ്രസിന്റെ നാല് സ്ഥിരംസമിതിയംഗങ്ങളിൽ ഒരാളാക്കിയതും.' രമേശ് ചെന്നിത്തല കൂട്ടിച്ചേർത്തു.

പാർട്ടി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, താൻ പാർട്ടിക്ക് വേണ്ടി ഉണ്ടാകും. ഇല്ലെങ്കിൽ തനിക്ക് തന്റേതായ കാര്യങ്ങൾ ചെയ്യാനുണ്ടെന്നാണ് ശശി തരൂർ അഭിമുഖത്തിൽ പറഞ്ഞത്. സോണിയാ ഗാന്ധിയും മൻമോഹൻ സിംഗും രമേശ് ചെന്നിത്തലയും ആവശ്യപ്പെട്ടതുകൊണ്ടാണ് കോൺഗ്രസ് പാർട്ടിയിൽ ചേർന്നതെന്നും ശശി തരൂർ വ്യക്തമാക്കിയിരുന്നു.

ബസ്സും കാറും കൂട്ടിയിടിച്ച് കുട്ടി മരിച്ചു

പാലക്കാട്: തൃത്താല സെന്ററിൽ ബസ്സും കാറും കൂട്ടിയിടിച്ച് ഒരു വയസ്സുള്ള കുട്ടി മരിച്ചു. അഞ്ചു പേർക്ക് പരിക്ക്. ഇന്ന് രാവിലെ ആറരയോടെയാണ് സംഭവം. പട്ടാമ്പി താഴത്തേതിൽ ഹൈസിൻ ആണ് മരിച്ചത്.

'സമരക്കാർക്ക് ദുരുദ്ദേശം'; മന്ത്രി ഒ ആർ കേളു

കൽപ്പറ്റ: മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ പുനരധിവാസം വൈകുന്നതിനെതിരെയുള്ള സമരം ദുരുദ്ദേശ്യപരമാണെന്ന് മന്ത്രി ഒ ആർ കേളു. എല്ലാത്തിനും പ്രതിഷേധിക്കുന്നത് ശരിയല്ലെന്നും ദുരന്തബാധിതരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. പ്രശ്നങ്ങൾ പറഞ്ഞ് തന്നെ ആരും വന്ന് കണ്ടിട്ടില്ലെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു. പുനരധിവാസത്തിനായുള്ള നടപടിക്രമങ്ങൾ സർക്കാർ പൂർത്തീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി.

മോദി ഫാസിസ്റ്റല്ല

പഴയ നിലപാട് തിരുത്തി സിപിഎം; വ്യക്തത വരുത്തിയത് കരട് രാഷ്ട്രീയ പ്രമേയത്തിൽ

തിരു: മോദി സർക്കാരിനെ ഫാസിസ്റ്റ് സർക്കാർ എന്ന് വിളിക്കാൻ ആവില്ലെന്ന് വ്യക്തത വരുത്തി സിപിഎം രേഖ. നവ ഫാസിസ്റ്റ് പ്രവണതകൾ ഉണ്ടെങ്കിലും സർക്കാരിനെ ഫാസിസ്റ്റ് എന്ന് വിളിക്കാൻ ആവില്ല എന്നാണ് സംസ്ഥാന ഘടകങ്ങൾക്ക് അയച്ച രേഖയിൽ വിശദീകരിക്കുന്നത്. ആർഎസ്എസിന്റെ ഫാസിസ്റ്റ് അജണ്ട നടപ്പാക്കുന്ന സർക്കാരാണ് മോദിയുടെ എന്നായിരുന്നു പഴയ നിലപാട്. രേഖയുടെ പകർപ്പ് പുറത്തുവന്നു.

ഹിന്ദുത്വ അജണ്ടയുള്ള ബിജെപി-ആർഎസ്എസ് നയിക്കുന്ന മോദി സർക്കാരിന് നവ ഫാസിസ്റ്റ് പ്രവണതകൾ ഉണ്ടെന്നും എന്നാൽ ഫാസിസ്റ്റ് സർക്കാർ എന്നോ നവ ഫാസിസ്റ്റ് സർക്കാർ എന്നോ വിളിക്കാൻ ആവില്ലെന്നും ആയിരുന്നു പാർട്ടി പരസ്യമായി പ്രസിദ്ധീകരിച്ച കരട് രാഷ്ട്രീയ പ്രമേയത്തിലെ നിലപാട്. ഇത് വിവിധ സംസ്ഥാന ഘടകങ്ങൾ ചർച്ച ചെയ്തപ്പോൾ മോദി സർക്കാർ ഫാസിസ്റ്റ് സർക്കാർ അല്ലേ എന്ന സംശയം ഉയർത്തിയതാണ് വ്യക്തത വരുത്തി പുതിയ രേഖ നൽകാൻ ഇടയാക്കിയത്. രാഷ്ട്രീയ പ്രമേയം പരസ്യമാക്കിയാൽ അതിൽമേൽ വിശദീകരിച്ച് പ്രത്യേകം രേഖ നൽകുന്നത് അപൂർവ്വമാണ്.

കണ്ണൂരിൽ നടന്ന ഇരുപത്തിമൂന്നാം പാർട്ടി കോൺഗ്രസിന് രാഷ്ട്രീയ പ്രമേയത്തിൽ ആർഎസ്എസിന്റെ ഫാസിസ്റ്റ് അജണ്ട നടപ്പാക്കുകയാണ് മോദി സർക്കാർ എന്ന് പറഞ്ഞിരുന്നു. എന്നാൽ ഹിറ്റ്ലറുടെയോ മുസോളിനിയുടെയോ കാലത്തെപ്പോലെ ഒരു ഫാസിസ്റ്റ് സർക്കാർ എന്ന് മോദി സർക്കാരിനെ വിളിക്കാൻ ആവില്ല എന്നാണ് സിപിഎമ്മിന്റെ പുതിയ വിശദീകരണം. നവ ഫാസിസ്റ്റ് പ്രവണതകൾ മാത്രമാണ് ഉള്ളതെന്ന് പറഞ്ഞാണ് സമീപനത്തെ ലഘൂകരിക്കുന്നത്. ഫാസിസത്തെ ക്ലാസിക്കൽ ഫാസിസം ഒന്നും നവ ഫാസിസം എന്നും വിളിക്കാമെന്നു യഥാർത്ഥ ഫാസിസം ക്ലാസിക്കൽ ഫാസിസം ആണെന്നും അതിൽ മോദി സർക്കാരില്ലെന്നും ആണ് സിപിഎമ്മിന്റെ മൃദു സമീപനം. ഇടതു പാർട്ടികളായ സിപിഐയുടെയും സിപിഐ (എം.എൽ) ന്റെയും നിലപാടിന് ഘടകവിരുദ്ധമാണ് സിപിഎം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന പുതിയ സമീപനം.

3 ജില്ലകളിലെ എംവിഡി ഉദ്യോഗസ്ഥരുടെ വീട്ടിൽ പരിശോധന

തൃശൂർ: : മൂന്ന് ജില്ലകളിലെ എംവിഡി ഉദ്യോഗസ്ഥരുടെ വീട്ടിൽ വിജിലൻസ് പരിശോധന. എറണാകുളം തൃശൂർ, കോഴിക്കോട് ജില്ലകളിലെ എംവിഡി ഉദ്യോഗസ്ഥരുടെ വീടുകളിലാണ് വിജിലൻസ് പരിശോധന നടത്തുന്നത്. ദിവസങ്ങൾക്ക് മുമ്പ് പിടിയിലായ എറണാകുളത്തെ മുൻ ആർടിഒ ജെയ്സണെ കൈക്കൂലി കേസിൽ അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ ചോദ്യം ചെയ്ത് വരികയാണ്. ഇതിനിടെയാണ് മൂന്ന് ജില്ലകളിലെ എംവിഡി ഉദ്യോഗസ്ഥരുടെ വീട്ടിൽകൂടി വിജിലൻസ് പരിശോധന നടത്തുന്നത്.

രണ്ടാഴ്ചക്ക് മുമ്പ് വാളയാർ ചെക്ക്പോസ്റ്റിൽ വിജിലൻസ് സംഘം പരിശോധന നടത്തുകയും പിന്നാലെ കൈക്കൂലി പണം പിടികൂടുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഇപ്പോൾ മൂന്ന് ജില്ലകളിലെ ഉദ്യോഗസ്ഥരുടെ വീടുകളിലെ വിജിലൻസ് പരിശോധന.

വാളയാർ ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനക്കിടെ'നിങ്ങൾക്ക് തരാനുള്ള തുക കൃത്യം തരുന്നില്ലേ, പിന്നെ എന്തിനാണ് ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നത്?' എന്നായിരുന്നു ഒരു ഉദ്യോഗസ്ഥന്റെ ചോദ്യം. ഇതിന്ശേഷം വിജിലൻസിന് പണം നൽകണമെന്നു കൊച്ചിയിൽ അറസ്റ്റിലായ ആർടിഒ ജെയ്സൺ സഹപ്രവർത്തകരെ ഭീഷണിപ്പെടുത്തി 14 ലക്ഷം രൂപ പിരിച്ചെടുത്തിരുന്ന വിവരംകൂടി പുറത്തുവന്നു.

ഇതോടെയാണ് കൈക്കൂലിയുമായി ബന്ധപ്പെട്ട് ഇത്തരത്തിലൊരു ശൃംഖല തന്നെ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം പുറത്തുവന്നത്. തുടർന്നാണ് പരിശോധനകളടക്കം കർശനമാക്കിയിരിക്കുന്നത്.

അതേസമയം കൈക്കൂലി കേസിൽ വിജിലൻസ് പിടിയിലായ ആർ ടി ഒ ജെയ്സണെതിരേ കൂടുതൽ പരാതികൾ ലഭിച്ചതിനെപ്പറ്റിയുള്ള അന്വേഷണവും ഇപ്പോൾ പുരോഗമിക്കുകയാണ്.

മിസോറാം സ്വദേശിയായ വിദ്യാർഥി കുത്തേറ്റ് മരിച്ചു; സഹപാഠി അറസ്റ്റിൽ

തിരു: നഗരൂരിൽ മിസോറാം സ്വദേശിയായ എഞ്ചിനീയറിങ് വിദ്യാർഥി കുത്തേറ്റ് മരിച്ചു. രാജധാനി കോളേജിലെ ബിടെക് നാലാം വർഷ വിദ്യാർഥി വാലന്റൈൻ വി. എൽ. ചാന ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഇതേ കോളേജിലെ ബിടെക് സിവിൽ എഞ്ചിനീയറിങ് മൂന്നാം വർഷ വിദ്യാർഥിയും മിസോറാം സ്വദേശിയമായ ടി. ലാസങ് സ്വാലയെ നഗരൂർ പോലീസ് കസ്റ്റഡിയിൽ എടുത്തു.

ഇന്ന് പുലർച്ചെയാണ് ദാരുണമായ സംഭവം നടന്നത്. നഗരൂരിലെ രാജധാനി എഞ്ചിനീയറിങ് കോളേജിലെ വിദ്യാർഥികളായ ഇരുവവരും കോളേജ് ഹോസ്റ്റലിലായിരുന്നില്ല, പുറത്ത് വീടെടുത്താണ് താമസിച്ചിരുന്നത്. ഇരുവരും ഇന്നലെ രാത്രി മദ്യപിച്ചിരുന്നതായി വിവരമുണ്ട്. തുടർന്ന് ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടായി. ഇതാണ് കത്തിക്കുത്തിൽ കലാശിച്ചത് എന്നാണ് പ്രാഥമിക വിവരം.

വാലന്റൈന് കഴുത്തിനും വയറിനും മാരകമായി കുത്തേറ്റിരുന്നു. വൈകാതെ വിദ്യാർഥിയെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് എത്തിച്ചു.

എന്നാൽ പുലർച്ചെയോടെ മരിക്കുകയായിരുന്നു. വാലന്റൈനും ലാസങ് സ്വാലയും തമ്മിൽ കോളേജിനകത്തും പുറത്തുംവെച്ച് മുമ്പ് നിരവധി തവണ സംഘർഷങ്ങൾ ഉണ്ടായിട്ടുള്ളതായി മറ്റ് വിദ്യാർഥികൾ പറയുന്നു. നഗരൂർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

'സർക്കാർ പറഞ്ഞ വാക്കിൽനിന്ന് പിന്നോട്ട് പോകുന്നു'; ചൂരൽമലയിൽ കുടിൽകെട്ടി സമരം, പ്രതിഷേധം

ചൂരൽമല: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഇരകളായ എല്ലാവരേയും പുനരധിവസിപ്പിക്കണമെന്നാവശ്യപ്പെട്ട് ദുരന്തഭൂമിയായ ചൂരൽമലയിൽ കുടിൽകെട്ടി സമരം. ഇന്ന് രാവിലെ മുതലാണ് സമരം ആരംഭിച്ചത്. ജനശബ്ദം കൂട്ടായ്മയുടെ നേതൃത്വത്തിലാണ് സമരം നടക്കുന്നത്.

സർക്കാർ ആദ്യം പറഞ്ഞ വാക്കിൽ നിന്ന് പിന്നോട്ടുപോകുകയാണെന്നും പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണവും വീടുകളുടെ എണ്ണവും പലതവണയായി സർക്കാർ കുറച്ചുവെന്നും സമരക്കാർ ആരോപിച്ചു. സമരത്തിനെത്തിയവരെ ബെയ്‌ലി പാലത്തിനിപ്പുറം പോലീസ് തടഞ്ഞത് നേരിയ സംഘർഷത്തിനിടയാക്കി. സമരക്കാരും പോലീസും തമ്മിൽ ഉന്തും തള്ളുമുണ്ടായി.

''ഉറങ്ങി എഴുന്നേറ്റപ്പൊ എല്ലാം നഷ്ടപ്പെട്ടവരാണ് ഞങ്ങൾ. നികുതിപ്പണത്തിൽ നിന്ന് ഞങ്ങൾക്ക് വീടും സ്ഥലവുമൊന്നും വേണ്ട. ഞങ്ങൾക്കുവേണ്ടി കേരളത്തിനകത്തും പുറത്തുമുള്ള സുമനസുകൾ സർക്കാരിന് പണം നൽകിയിട്ടുണ്ട്. ഇന്നലെയും 2,40,000 രൂപ കിട്ടിയിട്ടുണ്ട്. നിലവിൽ 780 കോടി രൂപയോളം വന്നിട്ടുണ്ട്. ഈ പണത്തിന്റെ പകുതിയെങ്കിലും ഉപയോഗിച്ച് ഞങ്ങളെ പുനരധിവസിപ്പിക്കണം.' -സമരം ചെയ്യുന്നവരിൽ ഒരാൾ പറഞ്ഞു.

'ആദ്യം ഞങ്ങൾക്ക് 10 സെന്റ് സ്ഥലവും 1000 സ്ക്വയർഫീറ്റ് വീടും തരാമെന്ന് പറഞ്ഞു. അത് ഒറ്റയടിക്ക് അഞ്ച് സെന്റാക്കി. ദുരന്തം ബാധിച്ച 792 കുടുംബങ്ങളിലേയും ഒരാൾക്ക് വീതം സർക്കാർ ജോലി നൽകാമെന്ന് മന്ത്രി വാഗ്ദാനം നൽകിയതാണ്. ഞങ്ങൾ അതാവശ്യപ്പെടുന്നില്ല. പക്ഷേ എല്ലാവരും നഷ്ടപ്പെട്ട് ഒറ്റയ്ക്കായ 16 പേരുണ്ട്. അവർക്ക് ജോലി കൊടുക്കണ്ടേ? സർക്കാർ കൊടുക്കാമെന്ന് പറഞ്ഞ ജോലി കൊടുത്തിട്ടില്ല.'

'ഞങ്ങൾ എല്ലാം നഷ്ടപ്പെട്ടവരാണ്. ഞങ്ങൾക്ക് മേലുംകീഴും നോക്കാനില്ല. ജീവൻ പണയം വെച്ചുള്ള സമരമാണ് ഇനി. എല്ലാം നഷ്ടപ്പെട്ട ദുരന്തബാധികരെ സ്വന്തം ഭൂമിയിലേക്ക് പോകുന്നതിൽ നിന്ന് പോലീസ് തടയുകയാണ്. എന്ത് വിലകൊടുത്തും ഞങ്ങൾ ഞങ്ങളുടെ ഭൂമിയിലേക്ക് പോകും.' -സമരക്കാർ പറഞ്ഞു.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മാതൃഭാഷാ ദിനാചരണം

വെങ്ങിണിശ്ശേരി: ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് സൗജന്യ പരിശീലനം നൽകുന്ന അഡാപ്റ്റ് സൊസൈറ്റിയിൽ ലോകമാതൃഭാഷാ ദിനാചരണം നടത്തി.

മലയാള ഭാഷാ അക്ഷരങ്ങൾ കോർത്തിണക്കി കുട്ടികൾ മാതൃഭാഷയുടെ പ്രസക്തി മനസിലാക്കാൻ മലയാള സാഹിത്യത്തിലെ പ്രശസ്തരായ കവികളുടെ കവിതകൾ ചൊല്ലുകയും, സുകുമാർ അഴീക്കോട് മാഷിന്റെ പ്രഭാഷണങ്ങളിലെ പ്രധാന ഭാഗങ്ങൾ വായിക്കുകയും ചെയ്തു. അദ്ധ്യാപകരായ ബിന്ദുകിഷോർ, ഹരിത അനൂപ്,മെബിത ബെന്നി തുടങ്ങിയവർ നേതൃത്വം നൽകി.

തൃശൂർ: നെഹ്റു യുവകേന്ദ്രയുടെയും, കരുണം ഫൗണ്ടേഷന്റെയും സഹകരണത്തോടെ ലോക മാതൃഭാഷ ദിന ആഘോഷം ശതാബ്ദിയുടെ നിറവിലെത്തിയ മുക്കാട്ടുകര ഗവണ്മെന്റ് എൽ.പി.എസിൽ വെച്ച് സംഘടിപ്പിച്ചു. മലയാള ഭാഷയിലെ അക്ഷരങ്ങൾ നെഞ്ചോട് ചേർത്ത് പിടിച്ച കുട്ടികളുടെ മനോഹരമായ പശ്ചാത്തലത്തിൽ തൃശൂർ കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്യാമള മുരളീധരൻ ഉദ്ഘാടനം നിർവഹിച്ചു. കരുണം ഫൗണ്ടേഷൻ ചെയർമാൻ ജെൻസൻ ജോസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ബാലസാഹിത്യകാരനും, റിട്ടയേർഡ് എ.ഇ.ഒ യുമായ ബാലകൃഷ്ണൻ അഞ്ചത്ത്, കാർഷിക സർവ്വകലാശാല മുൻ ജീവനക്കാരനും, മുൻ ആകാശവാണി അനൗൺസറുമായ സതീഷ് നായർ, ജില്ലാ യൂത്ത് ഓഫീസർ സി.ബിൻസി, പി.എം.സതീഷ്, സ്കൂൾ ഹെഡ്മിസ്ട്രസ്സ് പി.വി.വനജ, ഒ.ബി.രതീപ്, ശശി നെട്ടിശ്ശേരി, ടി.ശ്രീധരൻ, സിന്റോമോൾ സോജൻ, ജോർജ്ജ് മഞ്ഞിയിൽ, ടി.കൃഷ്ണകുമാർ, ടി.എസ്.ബാലൻ, ജെയിംസ് ചിറ്റിലപ്പിള്ളി, ടി.രഘു, നാരായണൻകുട്ടി, അലൻ സോജൻ തുടങ്ങിയവർ പ്രസംഗിച്ചു. അറിവ്, ആരോഗ്യം, ഇച്ഛാശക്തി എന്നിവ ഉണ്ടായാൽ ആനന്ദമുണ്ടാകുമെന്നും, നല്ല പൗരൻമാരാകുമെന്നും അമ്മമലയാളം ഉദ്ബോദിപ്പിച്ചു. നൂറാം വാർഷികത്തിലെത്തിയ മുക്കാട്ടുകര ഗവൺമെന്റ് എൽ.പി. സ്കൂളിന് എല്ലാവിധ പിന്തുണയും, ആശംസകളും, പ്രാർത്ഥനകളും നേർന്നുകൊണ്ട് മാതൃഭാഷ ആഘോഷത്തിന്റെ മധുരം നുകർന്നും, പുസ്തകൾ കൈമാറിയും ചടങ്ങിന് പരിസമാപ്തി കുറിച്ചു.

പീച്ചി ഹൗസ് ഉൾപ്പെടെ നവീകരിക്കാൻ മാസ്റ്റർ പ്ലാൻ: മന്ത്രി കെ രാജൻ

പീച്ചിയെ കൂടുതൽ സഞ്ചാരി സൗഹൃദമാക്കി നവീകരിക്കാൻ വിപുലമായ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് മന്ത്രി കെ രാജൻ. ഉന്നത ഉദ്യോഗസ്ഥ, വിദഗ്ധ സംഘത്തോടൊപ്പം പീച്ചി ഹൗസ് സന്ദർശിച്ച ശേഷം പദ്ധതികൾ വിശദീകരിക്കുകയായിരുന്നു മന്ത്രി.

86 ഏക്കർ വരുന്ന സ്ഥലത്തെ സൗകര്യങ്ങൾ നിലനിർത്തിക്കൊണ്ടായിരിക്കും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വികസനം നടപ്പാക്കുക. തൃശൂർ എഞ്ചിനീയറിങ് കോളജ് ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സാഹസിക ടൂറിസം, എന്റർടൈൻമെന്റ് കേന്ദ്രം, അക്വാമിക് നിലവാരമുള്ള സംവിധാനം, പാർക്കിങ്, റിസപ്ഷൻ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിലെ കെട്ടിടം നവീകരിച്ചും പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചും പീച്ചി ഹൗസ് ആകർഷണീയമാക്കും. ഒപ്പം കലാ സാംസ്കാരിക പരിപാടികളുടെ സ്ഥിരം വേദിയാവുന്ന ഓപ്പൺ എയർ സ്റ്റേജും, ഓഡിറ്റോറിയവും എഐ സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള വിനോദ കേന്ദ്രവും ഉണ്ടാകുമെന്ന് മന്ത്രി വിശദീകരിച്ചു.

വിനോദ സഞ്ചാരികൾക്ക് മാത്രമല്ല, സാഹിത്യകാരന്മാരെയും എഴുത്തുകാരുടെയും സാന്നിധ്യം വീണ്ടും പീച്ചിയിൽ സജീവമാകും എന്നാണ് പ്രതീക്ഷ. കേരളത്തിന്റെ വിപ്ലവ കവി വയലാർ രാമവർമ മുതൽ പ്രഗത്ഭർ പണ്ട് പീച്ചിയിൽ എത്തിയാണ് തങ്ങളുടെ സൃഷ്ടികൾക്ക് പിറവി നൽകിയത്. വീണ്ടും പുതിയ എഴുത്തുകാരെയും രചയിതാക്കളെയും സിനിമാലോകത്തെയുമെല്ലാം പീച്ചിയിലേക്ക് തിരിച്ചു കൊണ്ടുവരണം. പുതിയ കാലത്ത് വെഡ്ഡിങ് ടൂറിസത്തിന് ഏറെ സാധ്യതകളുണ്ട്. അതിനും പീച്ചിയുടെ സൗന്ദര്യത്തെ വേദിയാക്കി മാറ്റാനാവും വിധത്തിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ പീച്ചി ഹൗസിന്റെ നവീകരണവും പുതിയ ബ്ലോക്കുകളുടെ നിർമ്മാണവും ആയിരിക്കും നടക്കുക

ആർക്കിടെക്ടുമാർ പരിശോധിച്ച് അതിൽ അഭിപ്രായം രേഖപ്പെടുത്തിയാൽ മാസ്റ്റർപ്ലാൻ സർക്കാരിന് സമർപ്പിക്കും. മാർച്ച് ആദ്യവാരം ഇറിഗേഷൻ മന്ത്രിയുടെ സാന്നിധ്യത്തിൽ കിഫ്ബിയുടെയും വിവിധ വകുപ്പുകളുടെയും ഉന്നത ഉദ്യോഗസ്ഥരുമായും കൂടിയാലോചന നടത്തും.

നിലവിൽ പീച്ചി തടാകത്തിൽ കൊട്ടവഞ്ചി യാത്രാ സൗകര്യം എർപ്പെടുത്തിയിട്ടുണ്ട്. സോളാർ ബോട്ടിങ് ആരംഭിക്കുവാൻ എംഎൽ എ ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ അനുവദിച്ച് പദ്ധതി ഭരണാനുമതിക്ക് സമർപ്പിച്ചിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

ജി.കെ. കുറുപ്പ് മാസ്റ്റർ അനുസ്മരണം നടത്തി

തൃശൂർ : സഹൃദയവേദിയുടെ ആഭിമുഖ്യത്തിൽ സാഹിത്യ-സാംസ്കാരികനേതാവും കവിയുമായിരുന്ന മുൻ സെക്രട്ടറി ജി. കെ. കുറുപ്പ് മാസ്റ്ററുടെ 39-ാം ചരമവാർഷികാനുസ്മരണം സാഹിത്യ അക്കാദമി സ്മൃതി മണ്ഡപത്തിൽ ഡോ. പി. എൻ. വിജയകുമാർ ഉദ്ഘാടനം ചെയ്തു.

"സാംസ്കാരിക നേതാക്കൾക്ക് ഉത്തമമാതൃകയും വിദ്യാർത്ഥികൾക്ക് സ്നേഹഗുരുവായിരുന്ന കലാ-സാഹിത്യകാരനും ഭാഷാപണ്ഡിതനുമായ അതുല്യപ്രതിഭയായിരുന്നു ജി.കെ. കുറുപ്പെന്ന് അഭിപ്രായപ്പെട്ടു."

ഡോ. ജോർജ്ജ് മേനാച്ചേരി അദ്ധ്യക്ഷത വഹിച്ചു. ഐ.പി. പോൾ, പ്രൊഫ. വി. പി. ജോൺസ് എന്നിവർ മുഖ്യഅനുസ്മരണം നടത്തി. സെക്രട്ടറി ബേബി മൂക്കൻ, അഡ്വ. വി. എൻ. നാരായണൻ, എം. തങ്കമണി, ഡോ. ജി.കെ. ലീല, സെബി ഇരിമ്പൻ, എം.ആർ. വിജയൻ, രവി. പുഷ്പഗിരി, ജോയ് മുത്തിപ്പീടിക, പി. എം.എം. ഷെറീഫ് എന്നിവർ പ്രസംഗിച്ചു. പുഷ്പാർച്ചനയും ഉണ്ടായിരുന്നു. പരിപാടികൾക്ക് ഉണ്ണികൃഷ്ണൻ പുലരി, ജി.കെ. ഗീത, മേഴ്സി ജോയ് എന്നിവർ നേതൃത്വം നൽകി.

അയ്യന്തോൾ സിവിൽ ലൈൻ പാർക്കിൽ സ്ഥാപിച്ച ആധുനിക മ്യൂസിക് സിസ്റ്റത്തിന്റെ സ്വിച്ച് ഓൺ കർമ്മം സിവിൽ സ്റ്റേഷൻ ഡിവിഷൻ കൗൺസിലർ സുനിത വിനു നിർവഹിക്കുന്നു.

സിവിൽ ലൈൻ പാർക്കിൽ മ്യൂസിക് സിസ്റ്റം സ്ഥാപിച്ചു

തൃശൂർ: അയ്യന്തോൾ സിവിൽ ലൈൻ പാർക്കിൽ സ്ഥാപിച്ച ആധുനിക മ്യൂസിക് സിസ്റ്റത്തിന്റെ സ്വിച്ച് ഓൺ കർമ്മം സിവിൽ സ്റ്റേഷൻ ഡിവിഷൻ കൗൺസിലർ സുനിത വിനു നിർവഹിച്ചു. പാർക്കിലെ വാക്ക് വേയുടെ എല്ലായിടത്തും നല്ല രീതിയിൽ സംഗീതം ആസ്വദിച്ചു നടക്കുവാൻ ഇതിലൂടെ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ സന്ദർശകർക്ക് ദിനപത്രങ്ങളും, പുസ്തകങ്ങളും വായിക്കുന്നതിനുള്ള സൗകര്യം കൂടി പാർക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

വാക്കേഴ്സ് ക്ലബ്ബ് പ്രസിഡന്റ് അഡ്വ കെ പി അജയകുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, ബാബു പാറയിൽ, ടി ഐ കെ മൊയ്തു, സി കെ ഷീല, ബാലചന്ദ്ര സുഭാഷ്, പ്രകാശ് ബാബു, ജയന്തി കമലൻ, ഷണ്മുഖൻ കല്ലിങ്ങൽ, പി ബി മേനോൻ, ശിവൻ ടി എസ്, ജോൺസൻ ഡിക്രൂസ് എന്നിവർ പ്രസംഗിച്ചു.

പുത്തൻതോട് സൈഡ് കെട്ടി സംരക്ഷണം നിർമ്മാണോദ്ഘാടനം നിർവഹിച്ചു

ഇരിങ്ങാലക്കുട: നഗരസഭ വാർഡ് നാലിലെ പുത്തൻതോടിന്റെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിന്റെ നിർമ്മാണോദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു. ഇരിങ്ങാലക്കുട എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ഉപയോഗിച്ചാണ് പുത്തൻതോട് സൈഡ് കെട്ടി സംരക്ഷിക്കുന്നത്.

പുത്തൻതോട് പരിസരത്ത് നടന്ന ചടങ്ങിൽ ഇരിങ്ങാലക്കുട നഗരസഭ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ അൽഫോൻസ തോമസ്, ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അംബിക പള്ളിപ്പുറത്ത്, വാർഡ് കൗൺസിലർമാരായ രാജി കൃഷ്ണകുമാർ, ജയാനന്ദൻ, ഓവർസിയർ സി വി രമ്യ എന്നിവർ ചടങ്ങിൽ പങ്കെടുത്തു

ലേലം

തൃശൂർ: മോട്ടോർ വാഹന നികുതി കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി ചെറുതുരുത്തി വില്ലേജിലെ സർവ്വേ നമ്പർ 197/ 219 ഇൽ ഉൾപ്പെട്ട 0.0357 ഹെക്ടർ സ്ഥലം ഉൾപ്പെടെയുള്ള വസ്തുവകകൾ മാർച്ച് 24 ന് രാവിലെ 11 ന് ചെറുതുരുത്തി വില്ലേജ് ഓഫീസിൽ തലപ്പിള്ളി തഹസിൽദാർ ലേലം ചെയ്യും.

ഭാരതീയ അഭിഭാഷക പരിഷത്ത് ഇരിങ്ങാലക്കുട യൂണിറ്റ് സമ്മേളനം നടത്തി

ഇരിങ്ങാലക്കുട: പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ യൂണിറ്റ് പ്രസിഡന്റ് എ.എസ്. സന്തോഷ്കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഭാരതീയ അഭിഭാഷക പരിഷത്ത് തൃശൂർ ജില്ല പ്രസിഡണ്ട് സുജേഷ് കോരപ്പത്ത് അവർകൾ ഉദ്ഘാടനം ചെയ്തു. അഖില ഭാരതീയ അധിവക്ത്ത പരിഷത്ത് ദേശീയ കൗൺസിൽ അംഗം വി. എൻ. രാജീവൻ അവർകൾ മുഖ്യപ്രഭാഷണം നടത്തി. ബിഎപി സംസ്ഥാന കൗൺസിൽ അംഗം കെ.എസ്. സുധീർ ബേബി ആശംസകൾ അർപ്പിച്ചു. യൂണിറ്റ് സെക്രട്ടറി കെ.ആർ.ഷാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് ട്രഷറർ ഒ.കെ. ജയരാജൻ സ്വാഗതവും, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വിജയശ്രീ നന്ദിയും പറഞ്ഞു.

ഇരിങ്ങാലക്കുട യൂണിറ്റ് പുതിയ ഭാരവാഹികളായി കെ. ആർ.ഷാജു പ്രസിഡണ്ട്, പി.ഇന്ദുചൂഢൻ സെക്രട്ടറി, പി.സോമസുന്ദരൻ ട്രഷറർ, ഒ.കെ. ജയരാജൻ വൈസ്. പ്രസിഡണ്ട്, ആശ രാമദാസ് , കെ. കെ.ധനിൽ ജോയിന്റ് സെക്രട്ടറിമാർ എന്നിവരെ നിശ്ചയിച്ചു.

സാങ്കേതിക വിദ്യയും സർഗാത്മകതയും സമന്വയിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: മന്ത്രി ഡോ. ആർ ബിന്ദു

ഇരിങ്ങാലക്കുട: ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലത്ത് സാങ്കേതിക വിദ്യയും സർഗാത്മകതയും സമന്വയിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. കേരള സർക്കാർ സ്ഥാപനമായ ഐ എച്ച് ആർ ഡി ദേശീയ തലത്തിൽ ഹൈസ്കൂൾ മുതൽ എഞ്ചിനീയറിങ് വരെയുള്ള വിദ്യാർഥികളുടെ സാങ്കേതിക-കലാ പരിപാടികൾ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന തരംഗ് മേള കല്ലേറ്റുങ്കരയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

വിദ്യാർത്ഥികൾക്ക് നൂതന ആശയങ്ങൾ മുന്നോട്ടുവെക്കാനും അവരുടെ കഴിവ് പ്രകടിപ്പിക്കാനും അവസരമൊരുക്കുകയാണ് ഇത്തരം പരിപാടികളിലൂടെ. സാങ്കേതികവിദ്യ എന്ന് പറഞ്ഞാൽത്തന്നെ സർഗാത്മകതയുമായി കൂട്ടിവായിക്കേണ്ട ഒന്നാണ്. നാം ജീവിക്കുന്ന പരിസരങ്ങളിൽ ഗുണപരമായ മാറ്റമുണ്ടാക്കുന്നതിന് ഏറ്റവും സർഗ്ഗശേഷിയോടെ ഇടപെടാൻ കഴിവുള്ളവരാണ് സാങ്കേതിക മേഖലയിൽ ശോഭിക്കുകയെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ വിവിധ വിദ്യാർത്ഥികൾ തയ്യാറാക്കിയ നൂതനാശയങ്ങളുടെ ആവിഷ്കാരങ്ങളുടെ പ്രദർശനവും ഒരുക്കിയിട്ടുണ്ട്. ഉദ്ഘാടനത്തിന് ശേഷം കെ. കരുണാകരൻ മെമ്മോറിയൽ മോഡൽ പോളിടെക്നിക് കോളേജിൽ ടെക്നിക്കൽ ക്വിസ് മത്സരങ്ങൾ, ഡിബേറ്റ്, ടൈപ്പ് റേസിംഗ്, റോബോ റേസ്, ഹാക്കിങ് റിയൽ വേൾഡ് സീനാരിയോ ഇൻ റിയൽ ടൈം, സെർവിക്കൽ കാൻസർ സ്ക്രീനിംഗ് ആൻഡ് തെറാപ്പി എന്നീ വിഷയങ്ങളിൽ വർക്ക് ഷോപ്പുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ആൻഡ് ഫ്യൂച്ചർ എന്ന വിഷയത്തിൽ സെമിനാറും നടന്നു. ഇന്ന് (23225) രാവിലെ 10 മുതൽ സർക്യൂട്ട് ഫ്യൂഷൻ, ഡിസൈൻ ഡൈവ് (വെബ് പേജ് ഡിസൈനിങ്), കോഡ് സ്പ്രിന്റ് (കമ്പ്യൂട്ടർ കോഡിങ്ങിലുള്ള മികവ് വിലയിരുത്തൽ), സൈബർ സെക്യൂരിറ്റി എന്നീ വിഷയങ്ങളിൽ സെമിനാറുകൾ നടക്കും. സമാപനസമ്മേളന ചടങ്ങ് ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം നിർവഹിക്കും. വിവിധ മത്സരങ്ങളിൽ നടത്തിയ വിജയികൾക്കുള്ള സമ്മാനദാനവും ഉണ്ടാകും.

ആളൂർ പ്രസിഡൻസി കൺവെൻഷൻ സെന്ററിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് അധ്യക്ഷത വഹിച്ചു. സിനിമാതാരം ജെയിസ് ജോസ് മുഖ്യാതിഥിയായി. ഐഎച്ച്ആർഡി ഡയറക്ടർ ഡോ. വി.എ അരുൺകുമാർ, ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ആർ ജോജോ,പഞ്ചായത്ത് വൈസ് പ്രസിഡന്റ് രതി സുരേഷ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സന്ധ്യ നൈസൺ, ജില്ലാ പഞ്ചായത്ത് മെമ്പർ ഡേവിസ് മാസ്റ്റർ, കുറുംകുഴൽ ആർട്ടിസ്റ്റ് കെ എ അൻപുനാഥ്, കല്ലേറ്റുംകര ബി വി എം എച്ച് സ്കൂൾ മാനേജർ വർഗീസ് പന്താലൂക്കാരൻ, കെ. കരുണാകരൻ മെമ്മോറിയൽ മോഡൽ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ ആർ ആശ, സ്റ്റുഡന്റ് കോഡിനേറ്റർ ടി എസ് ഗൗതം എന്നിവർ പങ്കെടുത്തു.

മലേഷ്യ എഫ്.സി.യും സ്പാർക് പറപ്പൂരും ഫൈനലിൽ

തൃശൂർ: അക്ബർ ട്രാവൽസ് ട്രോഫിക്ക് വേണ്ടി തൃശൂർ കോർപ്പറേഷൻ ഫ്ലഡ് ലൈറ്റ് സ്റ്റേഡിയത്തിൽ നടക്കുന്ന രാജ്യാന്തര വെറ്ററൻസ് ടൂർണമെന്റിന്റെ ആദ്യ സെമി ഫൈനൽ മത്സരത്തിൽ മലപ്പുറം എഫ്.സി.യെ രണ്ടിനെതിരെ മൂന്നു ഗോളുകൾക്ക് പരാജയപ്പെടുത്തി മലേഷ്യ എഫ് . സി ഫൈനലിലെത്തി.

രണ്ടാം സെമിയിൽ ഗുജറാത്തിനെ ഒരു ഗോളിന് താൽപ്പിച്ച് സ്പാർക്ക് പറപ്പൂരും ഫൈനലിലെത്തി. ഇന്ത്യൻ ഗോൾകീപ്പർ ഇട്ടിമാത്യു ആദ്യ സെമിയിലും സംവിധായകൻ എം.എം.എ. റാസാക്ക് രണ്ടാം സെമിയിലും മുഖ്യാതിഥികളായി ഫുട്ബോൾ താരങ്ങളെ പരിചയപ്പെട്ടു.

ഇന്ന് വൈകീട്ട് 7 മണിക്ക് ഫൈനൽ മത്സരം നടക്കും. മണിക്ക് 60 വയസ് കഴിഞ്ഞവരുടെ സൗഹൃദ പ്രദർശനമത്സരം നടക്കും.

ടെണ്ടറുകൾ ക്ഷണിച്ചു

തൃശൂർ: ഒല്ലൂക്കര അഡീഷണൽ ശിശു വികസന പദ്ധതി കാര്യാലയത്തിഴിൽ പ്രവർത്തിക്കുന്ന 116 അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഫെബ്രുവരി 28 ന് ഉച്ചയ്ക്ക് മുന്നിന് മുമ്പ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഒല്ലൂക്കര അഡീഷണൽ ശിശുവികസന പദ്ധതി കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ: 0487 2322800

തൃശൂർ: ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ച് ആശുപത്രിയിലെ രണ്ട് ലിഫ്റ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ കരാർ നൽകുന്നതിനായി അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഫെബ്രുവരി 28 ന് ഉച്ചയ്ക്ക് നാലിന് മുമ്പ് ലഭിക്കണം. ഫോൺ: 0487 2334313

വിശ്വനാടകവേദിക്ക് അരങ്ങുണരുന്നു: ഇറ്റ്ഫോക് ഇന്ന് മുതൽ മാർച്ച് 2 വരെ

തൃശൂർ:കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് വേണ്ടി കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന പതിനഞ്ചാമത് അന്താരാഷ്ട്ര നാടകോത്സവം (ഇറ്റ്ഫോക് 2025) ഫെബ്രുവരി 23 മുതൽ മാർച്ച് 2 വരെ തൃശൂരിൽ. സംസ്കാരിത്തിന്റെ വ്യത്യസ്ത ധാരകളിൽ ജീവിക്കുന്ന മനുഷ്യരുടെ പ്രത്യാശയും അതിജീവനവും പ്രമേയമാകുന്ന 'പ്രതിരോധത്തിന്റെ സംസ്കാരങ്ങൾ' എന്ന ആശയമാണ് ഇറ്റ്ഫോക് 2025 മുന്നോട്ട് വയ്ക്കുന്നത്. ദേശത്തിന്റെയും ഭാഷയുടെയും സംസ്കാരത്തിന്റെയും അതിർ വരമ്പുകൾ ഭേദിച്ചു കൊണ്ട് ലോകനാടക വേദികയുടെ പരിച്ഛേദമായി ഇറ്റ്ഫോക് മാറുന്നു.

പതിനഞ്ച് നാടകങ്ങൾ എട്ടു ദിവസങ്ങളിൽ മൂന്ന് വേദികളിലായി 34 പ്രദർശനങ്ങളുണ്ട്. പതിനഞ്ചാമത് അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ഉദ്ഘാടന ദിവസമായ ഫെബ്രുവരി 23ന് ആക്കൂർ മുരളി തീയേറ്ററിൽ ഗിരീഷ് കർണാടിന്റെ 'ഹയവദന' നാടകം വൈകിട്ട് 7.30 ന് അരങ്ങേറും. അന്നേ ദിവസം ഉച്ചയ്ക്ക് 3 മണിക്ക് തോപ്പിൽ ഭാസി ബ്ലാക്ക് ബോക്സിൽ 'ദി നൈറ്റ്സ്' അറേബ്യൻ രാത്രികളുടെ കഥയെ അധികരിച്ച് നടക്കുന്ന പാവകളി നാടകമാണ്. തുടർന്ന് രാത്രി 9 മണിക്ക് സംഗീത നാടക അക്കാദമിക്ക് മുൻപിലെ വേദിയിൽ 'ഗൗളി' സംഗീത ബാൻഡിന്റെ സംഗീത നിശ ഇറ്റ്ഫോക്കിന്റെ പ്രേക്ഷകർക്കായി അക്കാദമി ഒരുക്കിയിട്ടുണ്ട്.

വിഖ്യാതസെറ്റ് ഡിസൈനർ സുജാതന്റെ നേതൃത്വത്തിൽ മികച്ച സാങ്കേതിക മികവോടെ എല്ലാ നാടകങ്ങളും കാഴ്ചക്കാരിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ പൂർത്തീകരിച്ച് നാടക വേദികൾ സജ്ജമായി. കേരള സംഗീത നാടക അക്കാദമിയിലെ തോപ്പിൽ ഭാസി ബ്ലാക്ക് ബോക്സ്, കെ ടി മുഹമ്മദ് റീജണൽ തിയേറ്റർ, ആക്കൂർ മുരളി തീയേറ്റർ എന്നിവയ്ക്ക് പുറമേ രാമനിലയം ക്യാമ്പസ്, കേരള സംഗീത നാടക അക്കാദമി മുൻവശം എന്നിവയും നാടകോത്സവത്തിന്റെ വേദികളാണ്.

യുദ്ധവും കലാപവും മാത്രമല്ല, മനുഷ്യമനസ്സുകളിൽ വിദ്വേഷവും അസഹിഷ്ണുതയും വെറുപ്പും പടർത്തുന്ന ജീവിത പ്രതിസന്ധിയിലൂടെയാണ് ലോകം കടന്നുപോകുന്നത്. നാടകം കൊണ്ട് പ്രതിരോധിക്കുന്ന വൈവിധ്യ സംസ്കാരങ്ങളിൽ ജീവിക്കുന്ന ജനതയാണ് തൃശൂർ രാജ്യാന്തര നാടകോത്സവത്തിന്റെ ഭാഗമാവുന്നത്. ഈജിപ്റ്റ്, റഷ്യ, ഹംഗറി, ശ്രീലങ്ക, ഇറാഖ് എന്നീ രാജ്യങ്ങളിൽ നിന്ന് മാനവിക മൂല്യങ്ങൾക്കും സ്വാതന്ത്ര്യത്തിനും പ്രാധാന്യം നൽകിക്കൊണ്ട് മനുഷ്യമനസിന്റെ സങ്കീർണതകൾ വെളിപ്പെടുത്തുന്ന 5 വിദേശ നാടകങ്ങളാണ് ഇത്തവണ പ്രദർശനത്തിനുള്ളത്. വ്യത്യസ്ത സംസ്കാരങ്ങളിൽ നിന്നുള്ള നാല് സ്ത്രീകളുടെ ജീവിതത്തിലൂടെ മനുഷ്യ ജീവിത്തിന്റെ പ്രക്ഷുബ്ധമായ അനുഭവങ്ങൾ പങ്കുവെക്കുന്ന ഈജിപ്ഷൻ നാടകമാണ് 'ബോഡി ടീത്ത് ആൻഡ് വിഗ്'. എന്നാൽ റഷ്യൻ നാടകമായ 'പുവർ ലിസ' നിക്കോളായ് കരംസിന്റെ ക്ലാസിക് കഥയെ അവലംബിക്കുന്ന പ്രണയ നാടകമാണ്. സൗരയൂഥത്തിലെ സൂര്യനും ചന്ദ്രനും ഗ്രഹങ്ങളുമെല്ലാം മനുഷ്യരുടെ തന്നെ പ്രതീകങ്ങളായി മുന്നിലേക്ക് വരുമ്പോഴുണ്ടാകുന്ന പരിണാമങ്ങളാണ് ഹംഗേറിയൻ നാടകം 'സർക്കിൾ റിലേഷൻസ്' പറയുന്നത്. എന്നാൽ ശ്രീലങ്കൻ നാടകം 'ഡിയർ ചിൽഡ്രൻ സിൻസിയർലി' ശ്രീലങ്കയുടെ ഏഴ് ശതകങ്ങളുടെ ചരിത്രരേഖയാണ്. സ്ത്രീയ്ക്ക് സ്വന്തം ഗർഭപാത്രത്തിൻ മേലുള്ള അവകാശമെങ്കിലും സ്വന്തമായിട്ടുണ്ടോ എന്ന ചോദ്യമാണ് ഇറാക്കിൽ നിന്നുള്ള 'അമൽ' നാടകം മുന്നോട്ടു വയ്ക്കുന്ന ആശയം. പ്രേക്ഷകരെ ആത്മപരിശോധനയിലേക്കും ജീവിതത്തിന്റെ ദാർശനിക തലങ്ങളെ പരിചയപ്പെടുത്തുന്നതിലേക്കും ഈ അഞ്ച് നാടകങ്ങൾ നയിക്കുന്നു.

കൂടാതെ ഡൽഹിയിൽ നിന്നുള്ള പാവകളി നാടകം ദി നൈറ്റ്സ്, ബാംഗ്ലൂർ ഭൂമിജ ട്രസ്റ്റിന്റെ ഹയവദന, ബാംഗ്ലൂർ ഡ്രാഫ്മണൻ പ്രൊഡക്ഷന്റെ പ്രോജക്ട് ഡാർലിംഗ്, മണിപ്പൂരിലെ അശോക തീയേറ്റർ അവതരിപ്പിക്കുന്ന അബോർജിനൽ ക്രൈ, ഗുജറാത്തിലെ അസ്തിത്വ ആർട്ട് ഫൗണ്ടേഷന്റെ ഐറ്റം, ആസാമിലെ ഓർക്കിഡ് തീയറ്ററിന്റെ ചായ് ഖരം, മുംബൈ തമാശ തീയേറ്ററിന്റെ ബിലവ്ഡ് തുടങ്ങിയ ഏഴ് ദേശീയ നാടകങ്ങളും കോട്ടയം സ്കൂൾ ഓഫ് ലെറ്റേഴ്സ് അവതരിപ്പിക്കുന്ന ആറാമത്തെ വിരൽ, പാലക്കാട് അത്ലറ്റ് കായിക നാടക വേദിയുടെ ഭൂതങ്ങൾ, എറണാകുളം മാമംഗലം ഡാൻസ് കമ്പനിയുടെ നെയ്ത്ത് എന്നീ മൂന്ന് മലയാള നാടകങ്ങളും ഇറ്റ്ഫോക് 2025 ന്റെ ഭാഗമാണ്.